24-04-2022

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA


Chief Editor : Sunilkumar R Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-24/04/2022.

1. ആസാദി കാ അമൃത് മഹോത്സവ് ആഘോഷവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ **കിസാൻ മേള** കൃഷി വിജ്ഞാന കേന്ദ്രത്തിന്റെയും ആത്മയുടെയും ആഭിമുഖ്യത്തിൽ പടിഞ്ഞാറെക്കോട്ടയിൽ സ്ഥിതിചെയ്യുന്ന കൃഷി വിജ്ഞാന കേന്ദ്രം സിറ്റി സെന്ററിൽ (മിത്രാനികേതൻ) വച്ച് ഈ മാസം 26-ന് (ഏപ്രിൽ 26) നടത്തുന്നു. ഇതിനോടനുബന്ധിച്ച് പ്രകൃതി കൃഷി, കാർഷിക യന്ത്രവൽക്കരണം, ഉത്തമ കൃഷി രീതികൾ, വളർന്നുവരുന്ന സാങ്കേതികവിദ്യകൾ തുടങ്ങിയവയിൽ പ്രദർശനവും കൃഷി വിജ്ഞാന കേന്ദ്രങ്ങളിലെ ശാസ്ത്രജ്ഞരും കർഷകരും തമ്മിലുള്ള മുഖാമുഖം പരിപാടിയും സംഘടിപ്പിക്കുന്നതാണ്. കർഷകർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടർ അറിയിച്ചു.

2. കേന്ദ്ര കർഷകക്ഷേമ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന നാളികേര വികസന ബോർഡും ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രിയുമായി ചേർന്ന് നാളികേരാധിഷ്ഠിത ഉൽപന്നങ്ങളുടെ വെർച്വൽ വ്യാപാരമേള ഏപ്രിൽ 26 മുതൽ 28 വരെ നടത്തുന്നു. നാളികേരാധിഷ്ഠിത ഭക്ഷ്യോല്പന്നങ്ങൾ മധുര പലഹാരങ്ങൾ, പാനീയങ്ങൾ മുതൽ ഭക്ഷ്യേതര ഉൽപന്നങ്ങളും മേളയിൽ പ്രദർശിപ്പിക്കും. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് ഏറ്റവും പുതിയ നാളികേര ഉൽപന്നങ്ങളെ പരിചയപ്പെടുത്തൽ, നാളികേര ഉല്പന്നങ്ങൾ വാങ്ങാനുള്ള ക്രമീകരണം, വിൽക്കുന്നവരും വാങ്ങുന്നവരും തമ്മിൽ മുഖാമുഖം, വ്യാപാര അന്വേഷണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള സന്ദർശകർ തമ്മിൽ കൂടിക്കാഴ്ച, അന്വേഷണങ്ങൾ സുഗമമാക്കാൻ ബിസിനസ്സ് അന്വേഷണ ഫോമുകൾ തുടങ്ങി മേഖലയിലെ വ്യാപാരികൾക്കും നിർമ്മാതാക്കൾക്കും വെർച്വൽ വ്യാപാര മേളയിൽ വിവിധ സേവനങ്ങളാണ് ഒരുക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് **0484-4058041/42, 9746903555** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

3. മലപ്പുറം ജില്ലയിലെ ആതവനാട് ജില്ലാ പഞ്ചായത്ത് കോഴിവളർത്തൽ കേന്ദ്രത്തിൽ നിന്നും അഞ്ചുരൂപ നിരക്കിൽ ഗ്രാമശ്രീ ഇനത്തിൽ പെട്ട കോഴികളുടെ മുട്ട വിൽപ്പനയുണ്ടായിരിയ്ക്കുന്നതാണെന്ന് അസിസ്റ്റന്റ്

ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0494- 2960068 എന്ന ഫോൺ നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

4. കേരള സർക്കാർ സംരംഭമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്‌കോ) കോഴിയിറച്ചി, മാംസോൽപ്പന്നങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തുടങ്ങിയവ പത്തനംതിട്ട ജില്ലയിലെ ഏജൻസികൾക്കും, മറ്റ് സ്ഥാപനങ്ങൾക്കും വിതരണം ചെയ്യുന്നതിന് ജില്ലാടിസ്ഥാനത്തിൽ മൊത്ത വിതരണ ഏജൻസികളെ ആവശ്യമുണ്ട്. ഒന്നര ടൺ ശേഷിയുള്ള ശീതികരണ സംഭരണി, ഫ്രീസർ വാഹനം എന്നിവ സ്വന്തമായി സജ്ജീകരിക്കാൻ സന്നദ്ധതയും, സാമ്പത്തിക ശേഷിയും ഉള്ളവർ അപേക്ഷിക്കുക. താൽപര്യ പത്രങ്ങൾ / അപേക്ഷകൻ മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്, പേട്ട തിരുവനന്തപുരം എന്ന വിലാസത്തിൽ 2022 ഏപ്രിൽ 27-ാം തീയതി വൈകുന്നേരം 4.00 മണിയ്ക്ക് മുൻപായി നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2478585, 9495000921, 9495000918 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

5. ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ഓച്ചിറ പ്രീമിയർ ജംഗ്ഷനിൽ പ്രവർത്തിച്ച് കൊണ്ടിരുന്ന ക്ഷീരോത്പന്ന നിർമ്മാണ പരിശീലന കേന്ദ്രം ഓച്ചിറ കല്ലൂർ മുക്കിന് പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന ബ്രഹ്മാനന്ദവിലാസം എൻ.എസ്.എസ് കരയോഗത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയതായി പരിശീലനകേന്ദ്രം പ്രിൻസിപ്പാൾ അറിയിച്ചു.

6. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ അടുത്ത നടീൽ സീസണിലേയ്ക്ക് ആവശ്യമായ **നെടിയ, കുറിയ (ചാവക്കാട് പച്ച, ചാവക്കാട് ഓറഞ്ച്)** ഇനങ്ങളുടെ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. നെടിയ ഇനം തൈകൾ 100 രൂപ നിരക്കിലും കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലുമാണ് വിതരണം ചെയ്യുന്നത്. ആവശ്യമുള്ള കൃഷിക്കാരും ബന്ധപ്പെട്ട കൃഷി ഓഫീസർമാരും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0485 2554240** എന്ന ഫോണിൽ ബന്ധപ്പെടുകയോ f-neriamangalam@coconutboard.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലന പരിപാടികൾ**

7. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ പോസ്റ്റ്ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിൽ വച്ച് **പഴം - പച്ചക്കറിസംസ്കരണം** എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലനപരിപാടി ഈ മാസം **26-ന് (26.4.2022)** നടത്തുന്നു. 500/ രൂപയാണ് രജിസ്ട്രേഷൻ ഫീസ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പരമാവധി 20 പേർക്കാണ് പ്രവേശനം നൽകുന്നത്. താല്പര്യമുള്ളവർ **9447281300** എന്ന നമ്പറിൽ ബന്ധപ്പെടുക.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **ഇടവേള കൂടിയ ടാപ്പിങ്‌രീതികൾ, യന്ത്രവത്കൃത ടാപ്പിങ്** എന്നിവയിൽ കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ വച്ച് ഏപ്രിൽ 28-ന് പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പരിലോ **7306464582** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

9. വേനൽക്കാലത്തു ജാതിയിൽ ഉണ്ടാകുന്ന പ്രധാന രോഗങ്ങൾ കായ് കൊഴിച്ചിലും, കൊമ്പുണക്കവും, കരിപ്പൂപ്പ് രോഗവുമാണ്. അവയ്ക്കായുള്ള സംയോജിത നിയന്ത്രണ മാർഗങ്ങൾ ഇനി പറയുന്നു. രോഗം ബാധിച്ച ഇലകളും കായ്കളും നശിപ്പിക്കുകയും ഉണങ്ങിയ കൊമ്പുകൾ വെട്ടി നശിപ്പിക്കുകയും ചെയ്ത്, തോട്ടത്തിൽ മുഴുവനായും ശുചിത്വം പാലിക്കുക. ജാതിയിൽ കായ് പിടുത്തം കൂട്ടുന്നതിനും, കായ് കൊഴിച്ചിൽ തടയുന്നതിനും, കുമിൾ രോഗബാധ നിയന്ത്രിക്കുന്നതിനും സ്യൂഡോമോണാസ് ഫ്ളൂറസൻസ് 20 ഗ്രാം ഒരു ലിറ്റർ വീര്യത്തിൽ കായ്പിടുത്ത സമയത്ത് തളിച്ചുകൊടുക്കുക. 20 ഗ്രാം ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയ ലായനിയുടെ തെളിയിൽ 20 ഗ്രാം സ്യൂഡോമോണാസ് ചേർത്ത് തളിയ്ക്കുന്നത് കൂടുതൽ ഫലപ്രദമാണ്. പൊട്ടാഷ് കുറവിന്റെ ലക്ഷണം കാണിക്കുന്ന മരങ്ങളിൽ കൃത്യമായി വളപ്രയോഗം നടത്തുക. കരിംപൂപ്പ് രോഗങ്ങൾ കാണുന്ന ഇലകളിൽ കഞ്ഞിവെള്ളം തളിക്കുക.